## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5758 — 27.10.2011-ൽ മറുപടിക്ക്.

### കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. കെ.സി. ജോസഫ് (ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ സമഗ്ര വികസനത്തിനായി 2006-2011 കാലഘട്ടത്തിൽ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ; | (എ) ഓട്ടൻ തുള്ളലിന്റെ വ്യാപകമായ പ്രചാരണത്തിന്റെ ഭാഗമായി കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ കീഴിൽ കുഞ്ചൻ നമ്പ്യാർ സ്മാരക കലാപീഠം ആരംഭിക്കുകയും മൃദംഗം, കർണ്ണാടകസംഗീതം, മോഹനിയാട്ടം എന്നീ വിഷയങ്ങളും കൂടി പഠിപ്പിക്കുകയും ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ 500 പേർക്ക് ഇരിക്കാവുന്ന നാട്യശാല നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 3 തരം തുള്ളലിന്റെ ഇംഗ്ലീഷ് തർജമയോടുകൂടി 'ത്രിദളം' എന്ന വിഡിയോ കാസ്റ്റ് നിർമ്മിക്കുകയും സ്മാരകത്തിനുവേണ്ടി വെബ് സൈറ്റ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) എത്ര രൂപയുടെ വികസന പ്രവർത്തനങ്ങൾ ആണ് പ്രസ്തുത കാലയളവിൽ നടത്തിയത്; | (ബി) 32 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |
| (സി) 2011 ജൂൺ 1 മുതൽ നാളിതുവരെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ആണ് നടത്തിയതെന്ന് വിശദീകരിക്കാമോ; | (സി) ഇക്കാലയളവിൽ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. |
| (ഡി) സ്മാരകത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) സ്മാരകത്തിന്റെ സമഗ്രവികസനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ